ഭവാനി തമ്പുരാൻ മെമ്മോറിയൽ സഹകരണ ആശുപത്രി

32 [37] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ആലക്കോട് പഞ്ചായത്തിൽപ്പെട്ട ഭവാനി തമ്പുരാൻ മെമ്മോറിയൽ സഹകരണ ആശുപത്രി ഗവൺമെൻറിന് വിട്ടുനൽകാമെന്ന് ആശുപത്രി കമ്മിറ്റി അറിയിച്ചിട്ടുണ്ടോ ;

(ബി) ഈ കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വെളിവെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡിസ്പെൻസറിയുടെ മൊത്തം ആസ്തി ബാദ്ധ്യതകളും ഒരു മെഡിക്കലോഫീസർ ഉൾപ്പെടെയുള്ള 9 ജീവനക്കാരെയും സർക്കാർ ഏറ്റെടുക്കണമെന്നതാണ് ആശുപത്രി അധികൃതരുടെ ആവശ്യം. എന്നാൽ ജീവനക്കാരെ സർക്കാർ സർവ്വീസിൽ ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ട് ആശുപത്രി ഭാരവാഹികളെ അറിയിച്ചിട്ടുണ്ട്. ആശുപത്രി അധികാരികൾ ഇത് അംഗീകരിച്ചിട്ടില്ല. താമസിയാതെ ഒരു തീരുമാനം എടുക്കുന്നതാണ്.

കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രി

33 [38] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലാ ആയുർവ്വേദ ആശുപത്രിക്ക് സ്വന്തം കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം കോഴിക്കോട് കോർപ്പറേഷൻ ഗവൺമെൻറിന് വിട്ടുതന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥലമെന്നും എവിടെയാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ സ്ഥലത്ത് കെട്ടിടം പണിയുന്നതിന് ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കികഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് കോർപ്പറേഷൻ 1-ാം വാർഡിൽ 1-ാം ബ്ലോക്കിൽ സർവ്വേ റി. എസ്. 3, 4 നമ്പരുകളിൽപ്പെട്ട 50 സെൻറ് സ്ഥലം.

(സി) ഇല്ല.

(ഡി) ധനലഭ്യതയനുസരിച്ച് നടപടികൾ എടുക്കുന്നതാണ്.

അലോപ്പതി ഡിസ്പെൻസറികൾ

34 [39] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-ൽ പുതിയതായി എത്ര അലോപ്പതി ഡിസ്പെൻസറികൾ സംസ്ഥാനത്ത് ആരംഭിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അത് എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1985-ൽ സംസ്ഥാനത്ത് പുതിയ അലോപ്പതി ഡിസ്പെൻസറികൾ സ്ഥാപിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്രൈമറി ഹെൽത്ത് സെന്ററുകൾ

35 [40] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള പ്രൈമറി ഹെൽത്തു സെന്ററുകൾ എത്ര ;

(ബി) പ്രൈമറി ഹെൽത്ത് സെന്റർ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) 199. ഇതു കൂടാതെ 100 ഗവൺമെന്റു ഡിസ്പെൻസറികളെക്കൂടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 804.

പൈ കമ്മിറ്റി റിപ്പോർട്ട്

36 [41] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പൈ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞതനുസരിച്ച് താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാനുള്ള നടപടി എത്രത്തോളമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പൈ കമ്മിറ്റി ശുപാർശയനുസരിച്ച് താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടില്ല. ഇപ്പോഴുള്ള ജില്ലാ മെഡിക്കൽ സ്റ്റോറുകൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി എടുക്കുന്നതാണ്.

ആരോഗ്യ വകുപ്പിലെ വാഹനങ്ങൾ

37 [42] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ധാരാളം വാഹനങ്ങൾ നന്നാക്കുവാൻ കഴിയാത്തവിധം കേടുപാടുകൾ സംഭവിച്ച് സംസ്ഥാനത്തെ പല സ്ഥാപനങ്ങളുടെ മുൻപിലും കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly